**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2327** **03-03-2025 - ൽ മറുപടിയ്ക്ക്**

**കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വാതക ശ്മശാന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപ്പഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന വാതക ശ്മശാനത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് വാതക ശ്മശാനം നിർമ്മാണ പദ്ധതിയ്ക്ക് 28.11.2024 ലെ ഉത്തരവ് നം. LSG004-02/APR-2/2024 പ്രകാരം 2,32,60,202/- രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിയ്ക്കാവശ്യമായ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള Vetted Structural Scrutiny Report, Statutory Clearance, PCB NoC, Fire NoC, ജില്ലാ കളക്ടറുടെ NoC , ബിൽഡിംഗ് പെർമിറ്റ് എന്നിവ ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് പദ്ധതി നിർവ്വഹണ ഏജൻസിയായ ഇംപാക്ട് കേരള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത രേഖകൾ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ശ്മശാനത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി കൂരാച്ചുണ്ട് ഗ്രാമപ്പഞ്ചായത്ത് എന്തെങ്കിലും രേഖകൾ ഏജൻസിയായ ഇംപാക്ട് കേരളയ്ക്ക് സമർപ്പിക്കേണ്ടതുണ്ടോ; വിശദമാക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് വാതക ശ്മശാനം നിർമ്മാണ പദ്ധതിയ്ക്ക് 28.11.2024 ലെ ഉത്തരവ് നം. LSG004-02/APR-2/2024 പ്രകാരം 2,32,60,202/- രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിയ്ക്കാവശ്യമായ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള Vetted Structural Scrutiny Report, Statutory Clearance, PCB NoC, Fire NoC, ജില്ലാ കളക്ടറുടെ NoC , ബിൽഡിംഗ് പെർമിറ്റ് എന്നിവ ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് പദ്ധതി നിർവ്വഹണ ഏജൻസിയായ ഇംപാക്ട് കേരള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത രേഖകൾ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ